# ഡിജിറ്റൽ കാലത്തെ മലയാള അക്ഷരങ്ങൾ

കെ. എച്ച്. ഹുസൈൻ



ഡിജിറ്റൽ കാലത്തെ മലയാള അക്ഷരങ്ങൾ
കെ. എച്ച്. ഹുസൈൻ
(മലയാളം: ലേഖനം)

© 2020, K. H. Hussain

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Calligraphy by N. Bhattathiri.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

1999-ൽ രചന അവതരിപ്പിച്ച നാളുകളിൽത്തന്നെ മലയാളികളായ അക്ഷരകലാകാരന്മാരുടെ വരയിൽനിന്ന് മലയാളം ഫോണ്ടുകൾ രൂപകല്പന ചെയ്യണമെന്ന ആശയം മുന്നോട്ടുവെച്ചു. നാരായണഭട്ടതിരിയുടെ 'കചടതപ' ഫോണ്ടുകളാക്കി മാറ്റണമെന്ന ആഗ്രഹം അന്തരിച്ച സുന്ദർ [1] പലപ്പോഴും പ്രകടിപ്പിച്ചിരുന്നു. ഇപ്പോഴാണത് പ്രാവർത്തികമാവുന്നത്.

---

1. ഇദ്ദേഹത്തിന്റെ ഓർമ്മയ്ക്കായാണ് രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപോഗ്രഫി Sundar.ttf രൂപകല്പന ചെയ്തത്.

'എഴുത്ത്' യൂണികോഡ് മലയാളത്തിലെ ആദ്യത്തെ കാലിഗ്രഫിക് ഫോണ്ടാണ്. 'സായാഹ്ന'യിൽ പ്രസിദ്ധീകരിച്ച സച്ചിദാനന്ദന്റെ 'ബസവണ്ണയുടെ വചനങ്ങൾ'ക്ക് നാരായണൻ വരച്ച ചിത്രാക്ഷരങ്ങളാണ് ഇതിനു പ്രചോദനമായത്. കേരള സർക്കാരിന്റെ ഐ. ടി. വകുപ്പിനു കീഴിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചരണത്തിനായുള്ള ICFOSS എന്ന സംവിധാനത്തിനു മുമ്പിൽ ഈ ഫോണ്ടിന്റെ ഫണ്ടിംഗിനായി പ്രോജക്ട് സമർപ്പിച്ചിരുന്നു. പതിവുപോലെ ഒരു ഔദ്യോഗിക പ്രതികരണവും ഉണ്ടായില്ല. അതിനൊന്നും കാത്തുനില്ക്കാതെ കേരളപ്പിറവി ദിനത്തിൽ തന്നെ പ്രസാധനം ചെയ്യാനായി ഡിസൈനിങ് മുന്നോട്ടുപോയി.

SIL (Summer Institute of Language) സ്വതന്ത്ര ലൈസൻസിൽ 'എഴുത്ത്' ഇന്ന് നവമ്പർ ഒന്നിന് റിലീസ് ചെയ്യുകയാണ്. മലയാളത്തിന്റെ ഡിജിറ്റൽ ചരിത്രത്തിലെ പ്രധാനപ്പെട്ട കാൽവെപ്പായി 'എഴുത്തി'നെ പരിഗണിക്കാം. മലയാള ശരീരത്തെ സൗന്ദര്യവല്ക്കരിക്കാനായി നാം നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണിത്. മലയാളത്തിൽ അലങ്കാര ഫോണ്ടുകൾ (Ornamental/Decorative fonts) ളുടെ കുറവ് യൂണികോഡ് കാലത്തിനു മുമ്പും പിമ്പും അനുഭവപ്പെട്ടിട്ടുണ്ട്. ആസ്കി കാലത്ത് ഡി. റ്റി. പി.-യ്ക്കായി ഉണ്ടായ അനേകം ഫോണ്ടുകൾ, പ്രത്യേകിച്ച് പൂന സിഡാക്കിന്റെ ISM GIST ഫോണ്ടുകൾ മിക്കതും മലയാളത്തിന്റെ ലാവണ്യബോധത്തിനിണങ്ങുന്നവയായിരുന്നില്ല. അവയെല്ലാം പരിഷ്കരിച്ച ലിപിയായിരുന്നതിനാൽ തനതുലാവണ്യം വെളിപ്പെട്ടുമില്ല. കാലിഗ്രഫിയുമായുള്ള നേരിട്ടുള്ളൊരു ഗ്രാഫിക് ബന്ധം ഇത്തരം ഫോണ്ടുകൾക്കില്ലായിരുന്നു.


ഇന്നിപ്പോൾ 'എഴുത്തി'ലൂടെ മലയാളത്തിന്റെ ഡിജിറ്റൽ സൗന്ദര്യത്തിന് അനേകം മാനങ്ങൾ കൈവരികയാണ്. സാങ്കേതികമായി അത് ഫോണ്ടു നിർമ്മിതിയിൽ പുതിയ രീതിശാസ്ത്രങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. അനവധി പുത്തനാശയങ്ങൾ രൂപകല്പനയുമായി ബന്ധപ്പെട്ട് നിർമ്മാണവേളയിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. 'എഴുത്ത്' സ്വതന്ത്രമാക്കുന്നതുപോലെ ഇതിന്റെ രീതിശാസ്ത്രം മറ്റു കലാകാരന്മാർക്കും ടൈപോഗ്രഫർമാർക്കും അധികം വൈകാതെ 'തുറന്നു' കൊടുക്കും. അതിനുവേണ്ടിയുള്ള ഡോക്യുമെന്റേഷൻ തുടങ്ങിക്കഴിഞ്ഞു. ഈയൊരു മേഖലയിൽ മലയാളത്തിലെ ആദ്യസംരംഭമായതിനാൽ അനേകം ആശയങ്ങൾ കൂട്ടിയിണക്കേണ്ടിയിരിക്കുന്നു—കാലിഗ്രാഫിയിലെ എണ്ണമറ്റ സ്വാതന്ത്ര്യം എങ്ങനെയാണ് ടൈപോഗ്രഫിയിൽ പരിമിതപ്പെടുന്നത്? സൗന്ദര്യത്തിന്റെ ജ്യോമട്രി എങ്ങനെയാണ് കാലിഗ്രാഫിയിലും ടൈപോഗ്രഫിയിലും ഒരുമിക്കുന്നതും പിണങ്ങുന്നതും? കമ്പ്യൂട്ടർ ഗ്രാഫിക്സിലെ ആധുനിക സാദ്ധ്യതകൾ കാലിഗ്രാഫിയെ മെരുക്കാനും വിപുലപ്പെടുത്താനും എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താം? എന്നിങ്ങനെ പലതും ആലോചനാവിഷയമാക്കേണ്ടതുണ്ട്. ഒരൊറ്റ ഫോണ്ടിന്റെ നിർമ്മിതിയിൽ നിന്നുതന്നെ നമുക്ക് ഏറെ അറിവുകൾ ലഭിച്ചിരിക്കുന്നു.

ഒരു ദശകത്തിനുശേഷം 2016-ൽ സിവിആറിനെ വീണ്ടും കണ്ടുമുട്ടുകയും ടൈപ്പ്സെറ്റിംഗിൽ അദ്ദേഹം നടത്തുന്ന പരീക്ഷണങ്ങൾ അറിയുകയും ചെയ്യുന്നതിന്റെ ആവേശത്തിലാണ് ഭാഷാപോഷിണിയിൽ 'ഡിജിറ്റൽ കാലത്തെ മലയാള അക്ഷരങ്ങൾ' എഴുതുന്നത്. അപ്പോഴേക്കും സായാഹ്ന ആർക്കൈവിൽ ക്ലാസ്സിക് ഗ്രന്ഥങ്ങൾ നിറയാൻ തുടങ്ങിയിരുന്നു. മലയാളത്തിന്റെ അക്ഷരവിന്യാസത്തിൽ അതുവരെയില്ലാത്ത സൗന്ദര്യങ്ങളുടെ കാഴ്ചകൾ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. 'രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപോഗ്രഫി'ക്ക് അദ്ദേഹം തുടക്കം കുറിക്കുകയും വ്യത്യസ്ത ഫോണ്ടുകളുടെ നിർമ്മിതിക്കായി ഒറ്റയ്ക്കുതന്നെ ഫണ്ട് സ്വരൂപിക്കാൻ തുടങ്ങുകയും ചെയ്തിരുന്നു. സർക്കാരിനെ കാത്തുനിന്നാൽ കാലവും നമ്മുടെ ശേഷിയും ഒടുങ്ങിപ്പോവുമെന്ന് അദ്ദേഹം ഞങ്ങളെ നിരന്തരം ഓർമ്മപ്പെടുത്തി.

അദ്ദേഹം ഒരുക്കിയ ക്രിയാത്മക സംവിധാനങ്ങളാണ് 'എഴുത്ത്' എന്ന ഫോണ്ടിനു കളമൊരുക്കിയത്. സായാഹ്നയുടെ വാട്സപ്പ് ഗ്രൂപ്പിനു ലഭിച്ച വമ്പിച്ച സ്വീകരണം 'എഴുത്തി'ന്റെ നിർമ്മിതിക്ക് അളവറ്റ ഊർജ്ജം പകർന്നു. മലയാളം കാലിഗ്രാഫിയും ടൈപ്പോഗ്രഫിയും തമ്മിലുള്ള പാരസ്പര്യം ഇനിയും ഒട്ടേറെ മുന്നോട്ടു പോകാനുണ്ട്. നീണ്ട ഇരുപതുവർഷമെടുത്തെങ്കിലും നാരായണ ഭട്ടതിരിയിൽനിന്നു തന്നെ നമുക്ക് തുടങ്ങാൻ സാധിച്ചിരിക്കുന്നു. ഇതിനു തുടർച്ചയായി കൊടുങ്ങല്ലൂരിലെ സുഹൃത്ത് ആർട്ടിസ്റ്റ് കുട്ടി വരച്ചുതന്ന അക്ഷരങ്ങളുടെ പണി വൈകാതെ പൂർത്തിയാവും. 'എഴുത്ത്' സാക്ഷാല്ക്കരിച്ച ആഹ്ലാദത്തിൽ രണ്ടുമൂന്നെണ്ണമെങ്കിലും ആ രീതിയിൽ ചെയ്യണമെന്ന് ഭട്ടതിരി പറഞ്ഞു തുടങ്ങിയിരിക്കുന്നു!

1999-ൽ രചന സമ്മേളനത്തിൽ പറഞ്ഞൊരു കാര്യം 'മലയാളത്തിന്റെ യഥാർത്ഥ സൗന്ദര്യം അച്ചടിയിൽ ജനിക്കാനിരിക്കുന്നതേയുള്ളൂ' എന്നാണ്. ശരിയാണ്, പക്ഷേ, വായനയും അച്ചടിയും കടലാസിൽനിന്ന് ഡിജിറ്റൽ പ്രതലത്തിലേക്ക് അതിവേഗം ചേക്കേറുകയാണ്. ഇതുവരെ പര്യവേഷണം ചെയ്യാൻ കഴിയാതിരുന്ന പലതും തുടങ്ങാവുന്ന വളക്കൂറുള്ള മണ്ണാണത്. ഒരു വർഷത്തിനകം മാറിമറിയാൻ പോകുന്ന മലയാളം പബ്ലിഷിംഗിന്റെ ചരിത്രസന്ധിയിലാണ് ഭട്ടതിരിയുടെ കൈപ്പട പതിയുന്നത്.

## കെ. എച്ച്. ഹുസൈൻ



തൃശ്ശൂർ ജില്ലയിൽ, കൊടുങ്ങല്ലൂരിൽ 1952-ൽ ജനനം. സ്കൂൾ വിദ്യാഭ്യാസം ഏറിയാട് കേരളവർമ്മ ഹൈസ്കൂളിൽ; ഗണിതശാസ്ത്രം ഐച്ഛികമായി ആലുവ യുസി കോളേജിൽ നിന്നും ബിരുദം; കേരള സർവകലാശാലയിൽ നിന്നും ലൈബ്രറി സയൻസിൽ ബിരുദാനന്തര ബിരുദം; മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും പിഎച്ഡി. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ലൈബ്രറി ആന്റ് ഇൻഫർമേഷൻ വിഭാഗത്തിൽ ശാസ്ത്രജ്ഞനായി സേവനം അനുഷ്ഠിച്ചു. ഭാഷാസാങ്കേതികത, ലിപി രൂപകല്പന, വികസനം എന്നീ മേഖലകളിൽ കഴിഞ്ഞ മൂന്നു ദശാബ്ദമായി പ്രവർത്തിച്ചു വരുന്നു. രചന, മീര, കേരളീയം, ഉറൂബ്, സുന്ദർ, ജനയുഗം, ടിഎൻ ജോയ്, സുഗതൻ, മീര ഇനിമൈ (തമിഴ്), ഉണ്ണി (ഇംഗ്ലീഷ്) എന്നീ സ്വതന്ത്ര ഫോണ്ടുകളുടെ ഡിസൈനറാണ് ലേഖകൻ. രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫിയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ്. ജനയുഗം പത്രത്തിന്റെ ഉല്പാദനം സ്വതന്ത്ര സോഫ്റ്റ് വേറിലേയ്ക്കുള്ള പരിവർത്തനത്തിൽ നിർണ്ണായക പങ്കു വഹിച്ചു.

വിവാഹിതനാണ്. രാജമ്മ ജീവിതപങ്കാളിയും മീര മകളുമാണ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---